2543
7/3/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് പ്രോജക്ട് - 2012-13 സാമ്പത്തിക വർഷത്തെ അങ്കണവാടി ജീവനക്കാരുടെ യൂണിഫോം വിതരണം-സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി(ബി) വകുപ്പ്

സ.ഉ(സാധാ) നം . 100/2015/സാനീവ                തീയതി, തിരുവനന്തപുരം, 20.02.2015

---

പരാമർശം : 1) 30/03/2013-ലെ 30536/എസ്.എസ്1/2013/ഫിൻ നമ്പർ സർക്കാർ കത്ത്.

2) അങ്കണവാടി ജീവനക്കാരുടെ യൂണിഫോം വിതരണം സംബന്ധിച്ച ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17.12.2013 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

3) സാമൂഹ്യനീതി ഡയറക്ടറുടെ 14.01.2015 ലെ ഐസിഡിഎസ് - എ1 15358/12 നമ്പർ കത്ത്.

**ഉത്തരവ്**

2012-13 സാമ്പത്തിക വർഷത്തിൽ അങ്കണവാടി ജീവനക്കാർക്ക് 200/- രൂപ നിരക്കിൽ രണ്ട് യൂണിഫോം സാരി വീതം വാങ്ങി നൽകുന്നതിന് ആവശ്യമായ 2,64,16,000/- രൂപ പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി അക്കൗണ്ട് നം.14907 ൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷം അങ്കണവാടി ജീവനക്കാരുടെ യൂണിഫോമിൽ മാറ്റം വരുത്തിയതിനാൽ (വർക്കർക്ക് ഓവർക്കോട്ടും, ഹെൽപ്പർക്ക് ഏപ്രൺ & ഹെയർ ക്യാപ്പ്) പുതുക്കിയ രീതിയിൽ യൂണിഫോം വാങ്ങുന്നതിനായി യൂണിഫോം ഒന്നിന് 300/- രൂപ നിരക്കിൽ 3,96,24,000/- രൂപ ചെലവ് വരുന്നതിനാൽ ആയതിന് സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012-13 സാമ്പത്തിക വർഷത്തെ അങ്കണവാടി ജീവനക്കാർക്കാരുടെ യൂണിഫോം വിതരണത്തിനായി അനുവദിച്ച തുക അധിക വിഭവ സമാഹരണം നടത്തി പുതുക്കിയ മാനദണ്ഡ പ്രകാരം വിതരണം ചെയ്യുന്നത് പ്രായോഗികമല്ലാത്തതിനാൽ സാമൂഹ്യനീതി ഡയറക്ടറുടെ പേരിലുള്ള റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 2,64,16,000/- രൂപ (രണ്ട് കോടി അറുപത്തിനാല് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) 2012-13 ലേയ്ക്ക് 200/- രൂപ നിരക്കിൽ യൂണിഫോമിനായി അങ്കണവാടി ജീവനക്കാർക്ക് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**